2025 OCTOBER
03
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## റിസർവ് ബാങ്കിന്റെ പണനയ പ്രഖ്യാപനം

# ജിഡിപി കുതിക്കും, വിലക്കയറ്റം താഴും

**ന്യൂദൽഹി:** തുടർച്ചയായ രണ്ടാം യോഗത്തിലും അടിസ്ഥാന പലിശ നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്കിന്റെ പണനയ പ്രഖ്യാപനം. റീപ്പോനിരക്ക് 5.50 ശതമാനത്തിൽ തന്നെ നിലനിർത്താൻ റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര അധ്യക്ഷനായ പണനയ നിർണയ സമിതി (എംപിസി) തീരുമാനിച്ചു. അതായത് ഭവന, വാഹന, വ്യക്തിഗത വായ്പകളുടെ പലിശനിരക്കും ഇഎംഐയും തൽക്കാലം കുറയില്ല. ഇനി ഡിസംബറിലാണ് അടുത്ത യോഗം.

അതേസമയം, കേന്ദ്രസർക്കാർ മുൻകൈ എടുത്ത് നടപ്പാക്കിയ ജിഎസ്ടി പരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾ സമ്പദ്‌വ്യവസ്ഥയ്ക്കു കുതിപ്പാകുമെന്ന് അഭിപ്രായപ്പെട്ട സഞ്ജയ് മൽഹോത്ര, ഇന്ത്യയുടെ ജിഡിപി വളർച്ചാ അനുമാനം റിസർവ് ബാങ്ക് ഉയർത്തുന്നതായും പ്രഖ്യാപിച്ചു. നടപ്പുവർഷം (2025-26) ഇന്ത്യ 6.8% വളരുമെന്നാണ് പുതിയ വിലയിരുത്തൽ. നേരത്തേ ഇത് 6.5 ശതമാനമായിരുന്നു. മികച്ച മൺസൂൺ, മെച്ചപ്പെട്ട കാർഷിക ഉൽപാദനം തുടങ്ങിയ അനുകൂല ഘടകങ്ങളുടെ പശ്ചാത്തലത്തിൽ വിലക്കയറ്റത്തോത് കുറയുമെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി.




നടപ്പുവർഷം പ്രതീക്ഷിക്കുന്ന റീട്ടെയ്ൽ പണപ്പെരുപ്പനിരക്ക് മുൻനിശ്ചയിച്ച 3.1 ശതമാനത്തിൽ നിന്ന് 2.6 ശതമാനത്തിലേക്ക് റിസർവ് ബാങ്ക് കുറയ്ക്കുകയും ചെയ്തു. ആറംഗ എംപിസി ഐകകണ്ഠ്യേനയാണ് പലിശനിരക്ക് നിലനിർത്താൻ തീരുമാനിച്ചത്. റിസർവ് ബാങ്കിന്റെ പണനയ നിലപാട് (സ്റ്റാൻസ്) നിലവിലെ ന്യൂട്രൽ എന്നത് നിലനിർത്താനും തീരുമാനിച്ചെന്ന് സഞ്ജയ് മൽഹോത്ര പറഞ്ഞു.

ജിഡിപി പരിഷ്കരണം, മെച്ചപ്പെട്ട ഖാരിഫ് വിളവെടുപ്പ്, മികച്ച മൺസൂൺ എന്നിവ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗുണകരമാകുമെന്ന് സഞ്ജയ് മൽഹോത്ര പറഞ്ഞു. യുഎസ്, ചൈനീസ് സമ്പദ്‌വ്യവസ്ഥകൾ വളർച്ചയുടെ ട്രാക്കിലായതും ഗുണകരമാണ്. എന്നാൽ, നിലവിലെ താരിഫ് പ്രശ്നങ്ങളും വ്യാപാര തർക്കങ്ങളും സൃഷ്ടിക്കുന്ന ആഘാതം തിരിച്ചടിയാവുകയും ചെയ്യും. എങ്കിലും, അനുകൂലഘടകങ്ങളുടെ പിൻബലത്തിൽ നടപ്പു സാമ്പത്തിക വർഷം (2025-26) ഇന്ത്യയുടെ ജിഡിപി വളർച്ച പ്രതീക്ഷകളെ കടത്തിവെട്ടുമെന്നും റിസർവ് ബാങ്ക് പറയുന്നു.

പണപ്പെരുപ്പം ഇനിയുള്ള മാസങ്ങളിൽ കുറയുമെന്ന സൂചനയാണ് റിസർവ് ബാങ്ക് നൽകുന്നത്. കഴിഞ്ഞ വർഷം ഏറ്റവും വലിയ ആശങ്ക സൃഷ്ടിച്ച ഭക്ഷ്യവിലപ്പെരുപ്പം (ഫുഡ് ഇൻഫ്ലേഷൻ) ഇപ്പോൾ ആശ്വാസ തലത്തിലേക്ക് കുറഞ്ഞത് വൻ നേട്ടമാണെന്ന് സഞ്ജയ് മൽഹോത്ര പറഞ്ഞു. കാർഷിക ഉൽപാദനം മെച്ചപ്പെട്ടതും വിതരണശൃംഖല സജീവമായതുമാണ് സഹായകമായത്. ഫലത്തിൽ, സമീപഭാവിയിൽ പലിശനിരക്ക് വീണ്ടും കുറച്ചേക്കാമെന്ന സൂചനയാണ് റിസർവ് ബാങ്ക് നൽകുന്നതും. അതായത്, 2026ന്റെ ആദ്യമാസങ്ങളിൽ പണപ്പെരുപ്പം വീണ്ടും കൂടിത്തുടങ്ങിയേക്കാം. അതിനുമുൻപൊരു തവണകൂടി റിസർവ് ബാങ്ക് പലിശനിരക്ക് കുറയ്ക്കാനാണ് സാധ്യത.

# ജിഎസ്ടി പിരിവിൽ 13% കുതിപ്പുമായി കേരളം

**തിരുവനന്തപുരം:** ദേശീയതലത്തിൽ ചരക്ക്സേവന നികുതി (ജിഎസ്ടി) വരുമാനം കഴിഞ്ഞമാസം 9.1% വളർച്ചയുമായി 1.89 ലക്ഷം കോടി രൂപയിലെത്തി. കഴിഞ്ഞ 4 മാസത്തിനിടയിലെ ഏറ്റവും ഉയർന്ന വളർച്ചയാണ് സെപ്റ്റംബറിൽ കുറിച്ചത്. ഓഗസ്റ്റിൽ വളർച്ച നിരക്ക് 6.5 ശതമാനമായിരുന്നു. തുടർച്ചയായ 9ാം മാസമാണ് ജിഎസ്ടി വരുമാനം 1.8 ലക്ഷം കോടി രൂപയ്ക്കുമേൽ തുടരുന്നതും.

കേരളത്തിൽ നിന്നുള്ള സമാഹരണം 13% മുന്നേറി 3,013 കോടി രൂപയായി. 2024 സെപ്റ്റംബറിൽ പിരിച്ചെടുത്തത് 2,675 കോടി രൂപയായിരുന്നു. കേരളത്തിന്റെ ഈ വർഷം ഏപ്രിൽസെപ്റ്റംബർ വരെയുള്ള സംസ്ഥാന ജിഎസ്ടിയും ഐജിഎസ്ടിയിൽ സംസ്ഥാനത്തിനുള്ള വിഹിതവും ചേർത്തുള്ള ആകെ വരുമാനം (പോസ്റ്റ് സെറ്റിൽമെന്റ് ജിഎസ്ടി) 2% ഉയർന്നിട്ടുണ്ട്. മുൻവർഷത്തെ സമാനകാലയളവിലെ 16,126 കോടി രൂപയിൽ നിന്ന് 16,482 കോടി രൂപയായാണ് വർധന.

# ഐടി കുതിപ്പിന് കൊച്ചി; വരുന്നു, സംസ്ഥാനത്തെ ആദ്യ എഐ ടൗൺഷിപ്പ്

**കൊച്ചി:** ഐടി ഭൂപടത്തിൽ കൊച്ചിയെ രാജകീയമായി പ്രതിഷ്ഠിക്കാൻ പോകുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ഐടി പാർക്കായ ഇൻഫോപാർക്ക് മൂന്നാംഘട്ട പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക തുടക്കം.




ആധുനിക നഗരത്തിന് വേണ്ടതായ എല്ലാവിധ സൗകര്യങ്ങളോടെ ഐഎ ടൗൺഷിപ്പ് എന്ന ആശയത്തിൽ വിഭാവനം ചെയ്യുന്ന സംസ്ഥാനത്തെ ആദ്യ ഐടി പാർക്ക് കൂടിയാണിത്. നിയമത്തിൻറെയും ചട്ടത്തിൻറെയും സാധുതയോടെ സംസ്ഥാനത്ത് ആദ്യമായി ലാൻഡ് പൂളിംഗ് പ്രക്രിയയിലൂടെ സ്ഥലമേറ്റെടുക്കുന്നു എന്ന സവിശേഷതയും പദ്ധതിക്കുണ്ട്.

നിലവിലുള്ള ഇൻഫോപാർക്കിനു കിഴക്കു ഭാഗത്തായി 300 ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഐടി ടവറുകൾക്ക് പുറമേ, റെസിഡൻഷ്യൽ, കൊമേഴ്സ്യൽ സോണുകൾ, സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റൽ, കൺവൻഷൻ സെൻറർ, ഇൻറർനാഷണൽ യൂണിവേഴ്സിറ്റി, അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്രിക്കറ്റ് സ്റ്റേഡിയം, മ്യൂസിയം, ഷോപ്പിംഗ് മാളുകൾ, മൾട്ടിപ്ലക്സ് തിയറ്ററുകൾ, മൾട്ടിലെവൽ പാർക്കിംഗ് സമുച്ചയങ്ങൾ, സാംസ്കാരിക ഇടം, അർബൻ ഫാമിംഗ് സോൺ, സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് തുടങ്ങിയ ആധുനിക സൗകര്യങ്ങളെല്ലാം ഉണ്ടാകും. ഇവയെ എല്ലാം എഐ സംവിധാനത്തിൽ ഏകോപിപ്പിക്കും.

15 മില്യൻ ചതുരശ്രയടിയിലാണ് മൂന്നാംഘട്ടം. ഇൻഫോപാർക്ക് ഒന്ന്, രണ്ട് ഫേസുകൾക്കുംകൂടി ആകെയുള്ളത് ഒൻപത് മില്യൻ ചതുരശ്രയടി കെട്ടിട പരിധിയാണ്. അതിലും ആറ് മില്യൻ ചതുരശ്രയടി കൂടുതലുണ്ട് മൂന്നാംഘട്ടത്തിന്. പദ്ധതി യാഥാർഥ്യമാകുന്നതോടെ സംസ്ഥാനത്തെതന്നെ ഏറ്റവും വലിയ ഐടി ടൗൺഷിപ്പാകും ഇത്.

കിഴക്കമ്പലം, കുന്നത്തുനാട് വില്ലേജുകളിലായി 300 ഏക്കർ സ്ഥലമാണു പദ്ധതിക്കായി ലാൻഡ് പൂളിംഗിലൂടെ കണ്ടെത്തേണ്ടത്. ജിസിഡിഎയ്ക്കാണ് ഇതിൻറെ ചുമതല. ലാൻഡ് പൂളിംഗിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമുള്ള ചെലവ് പദ്ധതിയുടെ ഉടമസ്ഥരായ ഇൻഫോപാർക്ക് ജിസിഡിഎയ്ക്ക് നൽകണം. ഒപ്പം ഫേസ് ത്രീയിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ഇൻഫോപാർക്കിൻറെ ചുമതലയാണ്. 25,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പദ്ധതിവഴി രണ്ട് ലക്ഷം പേർക്ക് നേരിട്ടും നാല് ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും.

പരമ്പരാഗത ഭൂമി ഏറ്റെടുക്കൽ രീതികളിലെ കാലതാമസവും നിയമപ്രശ്നങ്ങളും ഒഴിവാക്കി വികസന പദ്ധതികൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കാൻ സർക്കാർ നടപ്പാക്കിയ പുതിയ സമീപനമാണു ലാൻഡ് പൂളിംഗ്.

ഭൂമി ഏറ്റെടുക്കുന്നതിനു പകരം ഉടമകളുടെ സമ്മതത്തോടെ അവരുടെ ചെറിയ ഭൂമികൾ ഒരുമിപ്പിച്ച് വലിയ പ്ലോട്ടാക്കി മാറ്റുന്നു. ഈ ഭൂമിയിൽ റോഡുകൾ, ഐടി പാർക്കുകൾ, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ആസൂത്രിതമായ വികസനം നടത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾക്കായി ഉപയോഗിച്ച ശേഷമുള്ള ഭൂമി ഭൂവുടമകൾക്കു തിരികെ നൽകുന്നതാണ് ലാൻഡ് പൂളിംഗിലെ രീതി. വികസിപ്പിച്ച ഭൂമിയുടെ മൂല്യം പല മടങ്ങ് വർധിക്കുന്നു എന്നതാണ് ഇതിലെ നേട്ടം.

# കടൽകടന്ന് റെക്കോർഡിട്ട് മാരുതി സുസുക്കി; ഒറ്റമാസം കപ്പൽ കയറിയത് 42,204 വാഹനങ്ങൾ

**മുംബൈ:** മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡ് 2025 സെപ്റ്റംബറിൽ 189,665 യൂണിറ്റുകളുടെ മൊത്തം വിൽപ്പന രേഖപ്പെടുത്തി. ചില ആഭ്യന്തര വാഹന സെഗ്മെന്റുകളിൽ വാർഷികാടിസ്ഥാനത്തിൽ ഇടിവ് പ്രകടമായപ്പോഴും, കയറ്റുമതി എക്കാലത്തെയും ഉയർന്ന പ്രതിമാസ നിലയിലെത്തി.




മൊത്തം വിൽപ്പനയിൽ 135,711 യൂണിറ്റുകൾ ആഭ്യന്തര വിപണിയിലും 42,204 യൂണിറ്റുകൾ കയറ്റുമതിയായും വിറ്റഴിച്ചു. ശക്തമായ ആഗോള ഡിമാൻഡ് പ്രതിഫലിപ്പിക്കുന്ന കമ്പനിയുടെ എക്കാലത്തെയും ഉയർന്ന പ്രതിമാസ കയറ്റുമതിയാണ്.

ചെറുകാറുകൾ (ആൾട്ടോ, എസ്പ്രസ്സോ): എൻട്രി ലെവൽ വിപണിയിലെ സമ്മർദ്ദം തുടരുന്നതിന്റെ ഫലമായി, വിൽപ്പന മുൻവർഷത്തെ 10,363 യൂണിറ്റിൽ നിന്ന് 7,208 ആയി കുത്തനെ ഇടിഞ്ഞു.

കോംപാക്ട് കാറുകൾ (ബലേനോ, സ്വിഫ്റ്റ്, ഡിസയർ, വാഗൺആർ, ഇഗ്നിസ്, സെലേറിയോ): കഴിഞ്ഞ സെപ്റ്റംബറിലെ 60,480 യൂണിറ്റിൽ നിന്ന് 66,882 യൂണിറ്റായി വിൽപ്പന വർധിച്ചു. കമ്പനിയുടെ വിൽപ്പനയിലെ പ്രധാന ചാലകശക്തിയായി ഈ വിഭാഗം തുടരുന്നു.

യൂട്ടിലിറ്റി വാഹനങ്ങൾ (ബ്രെസ്സ, ഗ്രാൻഡ് വിറ്റാര, എർട്ടിഗ, ഫ്രോങ്ക്സ്, ജിംനി, എക്സ്എൽ6, ഇൻവിക്റ്റോ, വിക്റ്റോറിസ്): കഴിഞ്ഞ സെപ്റ്റംബറിലെ 61,549 യൂണിറ്റുകളിൽ നിന്ന് 48,695 യൂണിറ്റായി കുറഞ്ഞു.

ലഘു വാണിജ്യ വാഹനം (സൂപ്പർ ക്യാരി): കഴിഞ്ഞ സെപ്റ്റംബറിലെ 3,099 യൂണിറ്റുകളിൽനിന്ന് 2,891 യൂണിറ്റായി നേരിയ കുറവ് രേഖപ്പെടുത്തി.

മൊത്തത്തിൽ, ആഭ്യന്തര പാസഞ്ചർ വാഹന വിൽപ്പന മുൻവർഷത്തെ 144,962 യൂണിറ്റുകളിൽ നിന്ന് 132,820 യൂണിറ്റായി കുറഞ്ഞു.

വിവിധ വിഭാഗങ്ങളിലെ ഇടിവുകൾക്കിടയിലും, ലളിതമായ ജിഎസ്ടി സംവിധാനവും ഉത്സവകാല ഡിമാൻഡും കാരണം ഉപഭോക്തൃ വികാരം ഗണ്യമായി മെച്ചപ്പെട്ടുവെന്ന് മാരുതി സുസുക്കി അറിയിച്ചു.



# പാതിരാമണലിലെ ആംഫി തിയറ്റർ നിർമാണം ഉടൻ

**ആലപ്പുഴ:** കുട്ടനാടിന്റെ കായൽ സൗന്ദര്യവും രുചിവൈവിധ്യങ്ങളും സാംസ്കാരികത്തനിമയും മറക്കാത്ത അനുഭവമാക്കി മാറ്റാൻ ജലഗതാഗതവകുപ്പ് വിഭാവനം ചെയ്ത കുട്ടനാട് സഫാരി പാക്കേജ് ടൂറിസം പദ്ധതി നവംബറിനകം യാഥാർഥ്യമാകും. പദ്ധതിയുടെ ഭാഗമായി പാതിരാമണൽ ദ്വീപിൽ നിർമിക്കുന്ന ആംഫി തിയറ്ററിന്റെ നിർമാണം അടുത്ത ദിവസം ആരംഭിക്കും.

പ്രകൃതിസൗഹൃദ, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി പരിസ്ഥിതി സൗഹൃദ വസ്തുക്കളായ പുല്ല്, മുള എന്നിവ ഉപയോഗിച്ചാണ് തിയറ്റർ നിർമാണം.

മുഹമ്മ പഞ്ചായത്തുമായി ചേർന്നു നടപ്പാക്കുന്ന വ്യത്യസ്തമായ ഈ ടൂറിസം പദ്ധതി ഇന്ത്യൻ ഓയിൽ കോർപറേഷനാണ് സ്പോൺസർ ചെയ്യുന്നത്. ഗതാഗതമന്ത്രി കെ.ബി. ഗണേഷ് കുമാറിന്റെ ആശയമാണ് കുട്ടനാട് സഫാരി എന്ന പേരിൽ ബജറ്റ് ടൂറിസം യാത്രയായി പരിണമിച്ചത്. ജലഗതാഗതവകുപ്പിന്റെ പുതിയ സൗര1 സൗരോർജ യാത്രബോട്ടാണ് പദ്ധതിക്ക് ഉപയോഗിക്കുക.

രാവിലെ 10ന് ആലപ്പുഴ ബോട്ട് ജെട്ടിയിൽനിന്നു തുടങ്ങുന്ന യാത്ര ആദ്യം എത്തിച്ചേരുക പുന്നമടയിലെ ജലരാജാക്കൻമാരായ ചുണ്ടൻവള്ളങ്ങൾ കുതിച്ച് പായുന്ന നെഹ്റു ട്രോഫി ഫിനിഷിംഗ് പോയിൻറിലാണ്. തുടർന്ന് അഴീക്കൽ കനാലിലൂടെയുള്ള യാത്രയിൽ നാടൻ രുചികളടങ്ങിയ പ്രഭാതഭക്ഷണം സഞ്ചാരികൾക്കായി നൽകും.

കൂടാതെ പായ നെയ്ത്ത് കാണാനും പായ സ്വയം നെയ്യാനും അവസരമൊരുക്കും. ഓല കൊണ്ടുള്ള കരകൗശല ഉത്പന്നങ്ങളായ കുട, മുറം, പായ എന്നിവ വാങ്ങാനും അവസരമുണ്ട്. തുടർന്ന് കളിവള്ളങ്ങളും കുട്ടനാടിൻറെ അദ്ഭുതകരമായ പ്രകൃതിഭംഗിയും കണ്ട് സഞ്ചരിക്കാം. സി ബ്ലോക്ക്, ആർ ബ്ലോക്ക് എന്നിവയുടെ പിറവിയെപ്പറ്റിയും അടുത്തറിയാം. ആർ ബ്ലോക്കിൽ എത്തിക്കഴിയുമ്പോൾ കുട്ടനാടൻ ശൈലിയിൽ ഷാപ്പ് വിഭവങ്ങളും കായൽ വിഭവങ്ങളും അടങ്ങിയ ഉച്ചയൂണ് ആസ്വദിക്കാം.

കായൽ യാത്രയിൽ പഞ്ചവാദ്യവും ശിങ്കാരിമേളവും വേലകളിയും കുത്തിയോട്ടവും അടങ്ങുന്ന ദൃശ്യങ്ങളും ബോട്ടിൽ സഞ്ചരികൾക്കായി പ്രദർശിപ്പിക്കും.

ശേഷം യാത്ര എത്തിച്ചേരുന്നത് പാതിരാമണൽ ദ്വീപിലേക്കാണ്. അവിടെ ആംഫി തിയറ്ററിൽ നാടൻ കലാരൂപങ്ങൾ സഞ്ചാരികൾക്കായി അരങ്ങേറും. ഇപ്റ്റയുമായി സഹകരിച്ചാണ് തിയറ്റിൽ കലാപരിപാടി ഒരുക്കുന്നത്. തിരികെ ആലപ്പുഴയിലേക്കുള്ള യാത്രയിൽ കായലിൽനിന്നു കക്ക വാരുന്നതും നീറ്റുന്നതും അവ ഉത്പന്നമാക്കി മാറ്റുന്നതും കണ്ട് മനസിലാക്കാനും അവസരമൊരുക്കുന്നുണ്ട്.

കൂടാതെ ഫ്ളോട്ടിംഗ് ഷോപ്പുകളിൽനിന്ന് ആലപ്പുഴയുടെ തനത് ഉത്പന്നങ്ങൾ വാങ്ങാനും സഞ്ചാരികൾക്കു സാധിക്കും.

വൈകിട്ട് ആറിന് യാത്ര ആരംഭിച്ച ആലപ്പുഴ ബോട്ട് ജെട്ടിയിൽ മടങ്ങിയെത്തുന്നതോടെയാണ് കുട്ടനാടിന്റെ സൗന്ദര്യവും ജീവിതത്തുടിപ്പുകളും തൊട്ടറിഞ്ഞുള്ള ബോട്ട് സഫാരി അവസാനിക്കുക.

# സംസ്ഥാന ഇൻഫർമേഷൻ ഹബ്ബ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ അധീനതയിൽ ടാഗോർ തിയേറ്റർ ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാന ഇൻഫർമേഷൻ ഹബ് ടാഗോർ തിയേറ്റർ ക്യാമ്പസ്സിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘടനം ചെയ്തു. വകുപ്പിന്റെ റിസർച്ച് ആൻഡ് റഫറൻസ്, സമൂഹ മാധ്യമ വിഭാഗങ്ങൾ ആണ് പുതിയ ഇരുനില കെട്ടിടത്തിൽ പ്രവർത്തന സജ്ജമായത്. സിമന്റ്, കമ്പി എന്നിവ ഒഴിവാക്കി മണ്ണുകൊണ്ടാണ് കെട്ടിടം നിർമ്മിച്ചത്. ടാഗോർ തീയേറ്റർ വളപ്പിലെ മരങ്ങൾ മുറിച്ച് മാറ്റാതെ, നാല് മരങ്ങൾക്കിടയിലാണ് കെട്ടിടം പണിഞ്ഞിരിക്കുന്നത്. ഐ & പി ആർ ഡി സ്പെഷ്യൽ സെക്രട്ടറി ഡോ. എസ്. കാർത്തികേയൻ, വകുപ്പ് ഡയറക്ടർ ടി.വി. സുഭാഷ്, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ജനക്ഷേമം ഉറപ്പാക്കുന്ന വികസനമാണ് സർക്കാർ ലക്ഷ്യം : മുഖ്യമന്ത്രി

## സിറ്റിസൺ കണക്ട് സെന്റർ ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ജനങ്ങളുടെ ജീവിതക്ഷേമം ഉറപ്പാക്കുന്ന പൊതുവായ വികസനമാണ് സർക്കാർ ലക്ഷ്യമെന്നും അതിന്റെ ദൃഷ്ടാന്തമാണ് 'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്ററെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജനങ്ങളാണ് ഭരണത്തിന്റെ കേന്ദ്രവും ലക്ഷ്യവുമെന്നത് ഉൾക്കൊണ്ടാണ് ഈ ജനകീയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്റർ ഉദ്ഘാടനം വെള്ളയമ്പലത്ത് പഴയ എയർ ഇന്ത്യ ഓഫീസിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്റർ മുൻപ് എവിടെയും ഇല്ലാത്ത സംവിധാനമാണ്. പൊതുജനങ്ങളും സർക്കാരും തമ്മിൽ ആശയവിനിമയ രംഗത്തു വിടവെന്തെങ്കിലും ഉണ്ടെങ്കിൽ അതു തീർക്കാനും, ജനങ്ങളുടെ പ്രശ്നങ്ങൾക്കുമേൽ സമയബന്ധിതമായി നടപടിയെടുക്കാനും, എടുത്ത നടപടി നിശ്ചിത സമയത്തിനുള്ളിൽ ജനങ്ങളെ അറിയിക്കാനുമാണ് ഈ സംവിധാനം. സി എം വിത്ത് മി യിലേക്ക് ഒരു കാര്യം വിളിച്ചു പറഞ്ഞാൽ, പരാതി അറിയിച്ചാൽ അതിന്മേൽ എടുത്ത നടപടി 48 മണിക്കൂറിനകം ഉത്തരവാദിത്വത്തോടെ തിരികെ വിളിച്ച് അറിയിച്ചിരിക്കും എന്നതാണ് നിലവിലുള്ള സംവിധാനത്തിൽ നിന്ന് ഇതിനെ വ്യത്യസ്തമാക്കുന്ന പ്രധാന ഘടകമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സി എം വിത്ത് മി പരിപാടിയുടെ കാര്യക്ഷമതയ്ക്കായി വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ പിന്തുണയും പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ മേൽനോട്ടവുമുണ്ടാകും. പോലീസ് മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പോലീസിലെ തന്നെ 10 പേരടങ്ങുന്ന ടീം ഇതിലുണ്ടാകും. എല്ലാ വകുപ്പുകളിൽ നിന്നുമുള്ളവരുണ്ടാകും. ചീഫ് സെക്രട്ടറി ഏകോപന ചുമതലയും മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി പരിപാലന ചുമതലയും വഹിക്കും. എല്ലാ ജില്ലകളിലും നോഡൽ ഓഫീസുകളുണ്ടാകും. കോൾ സെന്ററിന് രണ്ട് ലെയർ ഉണ്ടാകും. ജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്ന റിസീവിങ് ലെയർ 24 മണിക്കൂറും പ്രവർത്തിക്കും. ഒരേസമയം 10 കോളുകൾ കൈകാര്യം ചെയ്യാൻ സൗകര്യമുണ്ടാകും. പരാതികൾ ക്ഷമയോടെ കേട്ട് രേഖപ്പെടുത്തുന്നവരുണ്ടാകും. രണ്ടാം ലെയർ വകുപ്പുതല പരിഹാരത്തിന്റേതാണ്. തദ്ദേശ സ്വയംഭരണം, റവന്യൂ, ഹോം, സഹകരണ വകുപ്പുകളിൽ നിന്ന് രണ്ട് വീതവും മറ്റ് 22 പ്രധാന വകുപ്പുകളിൽ നിന്ന് ഓരോരുത്തർ വീതവും ഈ ലെയറിലുണ്ടാകും. ആദ്യ ലെയറിൽ നിന്ന് പരാതി രണ്ടാം ലെയറിലെത്തും. അവിടെ നിന്ന് നിശ്ചിത സമയത്തിനുള്ളിൽ മറുപടി ലഭിക്കും.

പ്രധാന സർക്കാർ പദ്ധതികൾ, ക്ഷേമ പദ്ധതികൾ, മേഖലാധിഷ്ഠിത സംരംഭങ്ങൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങൾക്ക് ഇതിലൂടെ എളുപ്പത്തിൽ ലഭ്യമാകും. പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കാലതാമസം കുറയ്ക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ ജനങ്ങൾക്കു സമർപ്പിക്കാം. അടിയന്തര ഘട്ടങ്ങളിൽ കൃത്യമായ വിവരങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിലൂടെയും ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ആശയവിനിമയം ഏകോപിപ്പിക്കുന്നതിലൂടെയും സർക്കാർ സഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിലൂടെയും വിശ്വസനീയമായ ഒരു ജനസേവന സംവിധാനമായി ഇതു മാറും. സിറ്റിസൺ കണക്ട് സെന്ററിലൂടെ ഓരോരുത്തർക്കും അവരുടെ അഭിപ്രായം പറയാം. നീതി ലഭിക്കാതെ വന്നതിനെ കുറിച്ചുള്ള പരാതികളടക്കം ശ്രദ്ധയിൽ പെടുത്താം. അതിനൊക്കെ പരിഹാരം കാണും.

സംസ്ഥാനത്തുണ്ടായ വികസനത്തിന് പുതിയ ദിശാബോധം നൽകിക്കൊണ്ട് കഴിഞ്ഞ 9 വർഷങ്ങളായി നവകേരള നിർമ്മാണ പദ്ധതികൾ മുമ്പോട്ടുപോവുകയാണ്. അടിസ്ഥാന ജീവിത സൗകര്യങ്ങളും സുസ്ഥിര വികസനവും ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും ഗുണമേന്മയുള്ള വിദ്യാഭ്യാസ വ്യവസ്ഥയും ഉറപ്പാക്കിയതിന്റെ അടിത്തറയിൽ നിന്ന് നാം പുതിയ കാലത്തിലേക്ക് ഉയർന്നെത്തുകയാണ്. ആർദ്രം മിഷൻ, വിദ്യാകിരണം, ഹരിതകേരളം, ലൈഫ് എന്നിവയുണ്ടാക്കിയ മാറ്റവും കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റി. വീടില്ലാത്ത കുടുംബങ്ങൾക്കെല്ലാം വീട് ലഭിക്കുന്ന നിലയുണ്ടാകുന്നു. ഭൂരഹിതർക്കു ഭൂമി ലഭിക്കുന്നു. രാജ്യത്തെ ദാരിദ്ര്യമില്ലാത്ത സംസ്ഥാനമായി കേരളം മാറുന്നു. വ്യാപകമായി പുത്തൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. രാജ്യത്തെ മികച്ച സാമുദായിക സൗഹാർദ്ദവും സമാധാനവും ഉള്ള നാടായി കേരളം മാറിയിരിക്കുന്നു.

ചടങ്ങിൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് സ്വാഗതം ആശംസിച്ചു. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, ഡോ ആർ ബിന്ദു, പി എ മുഹമ്മദ് റിയാസ്, കെ എൻ ബാലഗോപാൽ, വീണ ജോർജ്ജ്, കെ കൃഷ്ണൻകുട്ടി, വി ശിവൻകുട്ടി, എ കെ ശശീന്ദ്രൻ, മേയർ ആര്യ രാജേന്ദ്രൻ, എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കൊല്ലം റെയിൽവേ സ്റ്റേഷൻ പുനർനിർമാണം: 2026ൽ പൂർത്തിയാകും

**കൊല്ലം:** കൊല്ലം റെയിൽവേ സ്റ്റേഷൻ പുനർനിർമാണം 2026 ൽ തന്നെ പൂർത്തിയാക്കുന്നവണ്ണം പ്രവർത്തികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നതായി എൻ.കെ. പ്രേമചന്ദ്രൻ എംപി അറിയിച്ചു.

ദക്ഷിണ റയിൽവേ കൺസ്ട്രക്ഷൻ വിഭാഗം ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഓം പ്രകാശിൻറെ സാന്നിധ്യത്തിൽ കൊല്ലത്തു ചേർന്ന അവലോകന യോഗത്തിനു ശേഷമാണ് വിവരം അറിയിച്ചത്. 396 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായുള്ള മൾട്ടിലെവൽ പാർക്കിംഗ് നിർമാണം പൂർത്തീകരണത്തിലാണ്.

കാമറയും പൈപ്പ് ലൈനും സ്ഥാപിച്ചു കഴിഞ്ഞാൽ മൾട്ടിലെവൽ പാർക്കിംഗിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. ഒരേ സമയം 375 നാൽചക്ര വാഹനങ്ങളും 1145 ഇരുചക്ര വാഹനങ്ങളുടെ മൾട്ടിലെവൽ പാർക്കിംഗിൽ ഉൾപ്പെടെ പാർക്കുചെയ്യാനുള്ള സൗകര്യമാണ് റെയിൽവേ സ്റ്റേഷനിൽ സജ്ജമാക്കുന്നത്.

സൗത്ത് ടെർമിനൽ, നോർത്ത് ടെർമിനൽ, സർഫസ് പാർക്കിംഗ് എന്നിവിടങ്ങളിൽ പ്രീമിയം പാർക്കിംഗ് സൗകര്യം ഉൾപ്പെടെയുള്ള പാർക്കിംഗിനാണ് സൗകര്യം ഒരുക്കുന്നത്.

ഭിന്നശേഷിക്കാർക്കു പ്രത്യേക സൗകര്യംഅറൈവൽ ലോബി, ഡിപ്പാർച്ചർ ലോബി, ശുചിമുറിയോടുകൂടിയ വെയ്റ്റിംഗ് ഏരിയ, എടിഎം കിയോസ്ക്, ക്ലോർക്ക് റും, മെഡിക്കൽ എമർജൻസി ബൂത്ത്, ടൂറിസ്റ്റ് ഫെസിലേറ്റഷൻ സെൻറർ, പ്രീപെയ്ഡ് ടാക്സി കൗണ്ടർ, പാസഞ്ചർ ഇൻഫർമേഷൻ ഡിസ്പ്ലേ, ഇലക്ട്രോണിക് സിഗ്നേജസ്, സാഹയോഗ് ബൂത്ത്, റസ്റ്റോറൻറുകൾ, മൊബൈൽ ചാർജിംഗ് കിയോസ്ക്, ലിഫ്റ്റുകൾ, എസ്കലേറ്ററുകൾ, ബാഗേജ് സ്കാനറുകൾ, കുടിവെള്ള ഫൗണ്ടനുകൾ, ഹോട്ടൽ ലോബീസ്, എസി വെയ്റ്റിംഗ് ലോഞ്ചസ്, നോൺ എസി വെയ്റ്റിംഗ് ലോഞ്ചസ് തുടങ്ങി സൗകര്യങ്ങൾ യാത്രക്കാർക്കായി സജ്ജീകരിക്കും.വനിതകൾക്കും ഭിന്നശേഷികാർക്കുമായി പ്രത്യേക സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. എയർ കോൺകോഴ്സ്36 മീറ്റർ വീതിയിൽ 120 മീറ്റർ നീളത്തിൽ രണ്ടു ടെർമിനലുകളെയും ബന്ധിപ്പിക്കുന്ന എല്ലാ പ്ലാറ്റ്ഫോമുകളിലും എത്തിചേരാൻ കഴിയുന്ന വിമാനതാവളത്തിനു സമാനമായ എയർ കോൺകോഴ്സിൻറെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. പ്ലാറ്റ്ഫോം ഒന്ന് ഒഴികെയുള്ള സബ് സ്ട്രക്ചറുകൾ പൂർത്തീകരിച്ചു. അതിന്റെ ഭാഗമായി കെട്ടിടത്തിൻറെ രൂപകൽപ്പനയ്ക്ക് അനുയോജ്യമായ വിധം റെയിൽവേ കോമ്പൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ റെയിൽവേ സ്റ്റേഷനിലെ സുരക്ഷയും വർധിപ്പിക്കും. സൗത്ത് ടെർമിനലിലെ നിർമാണ പ്രവൃത്തികൾ എ, ബി ബ്ലോക്കുകളുടെ സബ് സ്ട്രക്ചറുകൾ പൂർത്തിയാക്കി. സിബ്ലോക്കിൻറെ സബ് സ്ക്രച്റും സൂപ്പർ സ്ട്രക്ചറും പുരോഗമിച്ചു വരുന്നു. ഡി, ഇ, എഫ് ബ്ലോക്കുകളുടെ പൈലിംഗ് പ്രവൃത്തികൾ ത്വരിത ഗതിയിൽ മുന്നേറുകയാണ്.

24433 സ്ക്വയർ മീറ്ററാണ് സൗത്ത് ടെർമിനൽ ബ്ലോക്കിൻറെ വിസ്തൃതി. നോർത്ത് ടെർമിനൽ ബിൽഡിംഗിൻറെ കോളം നിർമാണം ആരംഭിച്ചിട്ടുണ്ട്. എൻ.കെ. പ്രേമചന്ദ്രൻ എംപിയുടെ സാന്നിധ്യത്തിൽ ചേർന്ന അവലോകന യോഗത്തിലും നിർമാണ പ്രവർത്തികളുടെ പരിശോധനയിലും ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഓംപ്രകാശ്, ഡെപ്യൂട്ടി ചീഫ് എൻജിനീയർ ശ്രീകുമാർ, ഡെപ്യൂട്ടി ചീഫ് എൻജിനിയർ സന്ദീപ് ജോസഫ്, ഡെപ്യൂട്ടി ചീഫ് എൻജിനിയർ എസ്. സുമി, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനിയർ നാരായൺ നമ്പൂതിരി, റൈറ്റ്സ് ജനറൽ മാനേജർ കരുണാനിധി, പ്രോജക്ട് മാനേജമെൻറ് കൺസൾട്ടൻറ് ടീം ലീഡർ ദാമോദർ, സിദ്ധാർത്ഥ കമ്പനി ഡപ്യൂട്ടി ജനറർ മാനേജർ അഭിഷേക് തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# പാൽ ഉൽപ്പാദനത്തിൽ കേരളം ലക്ഷ്യമിടുന്നത് പഞ്ചാബിനൊപ്പമെത്താനെന്ന് മന്ത്രി ചിഞ്ചു റാണി

**കോഴിക്കോട്:** പാൽ ഉൽപ്പാദനക്ഷമതയിൽ രാജ്യത്ത് പഞ്ചാബിനൊപ്പമെത്താനാണ് കേരളം ശ്രമിക്കുന്നതെന്ന് മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി. മേപ്പയ്യൂർ ടി കെ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ജില്ലാ ക്ഷീര സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ക്ഷീരകർഷകർക്കായി സംസ്ഥാന സർക്കാർ നിരവധി ക്ഷേമപ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഡിജിറ്റൽവത്കരണത്തിന്റെ ഭാഗമായി വെറ്ററിനറി രംഗത്ത് ഇ-സംവിധാനത്തിന് രൂപം നൽകുമെന്നും മന്ത്രി പറഞ്ഞു. ബാങ്ക് വായ്പയിൽ പത്ത് പശുക്കളെ വരെ വാങ്ങുന്ന ക്ഷീര കർഷകരുടെ പലിശ വിഹിതം സർക്കാർ അടക്കുന്ന പദ്ധതി നടപ്പാക്കും. ഈയിനത്തിൽ ഒരു കർഷകന്റെ മൂന്നു ലക്ഷം രൂപ വരെയുള്ള പലിശ സർക്കാർ അടക്കും. ലക്ഷക്കണക്കിന് ക്ഷീര കർഷകർക്ക് പെൻഷൻ, ക്ഷീര കർഷകരുടെ മക്കൾക്ക് സ്കോളർഷിപ്പ്, ഇൻഷുറൻസ് പരിരക്ഷ തുടങ്ങി നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി. മിൽമയിലെ തസ്തികകളിൽ ക്ഷീര കർഷകരുടെ മക്കളെ പരിഗണിക്കാൻ ഉത്തരവിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പാൽ ഉൽപ്പാദനത്തിൽ കേരളത്തിലെ മൂന്ന് മേഖല പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ ലാഭം ലഭിച്ചത് മലബാർ മേഖലയിൽനിന്നാണെന്നും ആ ലാഭത്തിന്റെ 85 ശതമാനം ക്ഷീര സംഘങ്ങൾ വഴി ആനുകൂല്യമായി നൽകുകയാണ് ചെയ്യുന്നതെന്നും ചിഞ്ചു കൂട്ടിച്ചേർത്തു. ചടങ്ങിൽ മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ടി രാജൻ അധ്യക്ഷനായി. ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. പി ഗവാസ്, മേലടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രന്നസ, കേരള കോഓപറേറ്റിവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ ചെയർമാൻ കെ എസ് മണി, ഡയറക്ടർ പി ശ്രീനിവാസൻ, കൊഴുക്കല്ലൂർ ക്ഷീര സംഘം പ്രസിഡന്റ് കെ കെ അനിത, ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ആർ രശ്മി, ക്ഷീര കർഷക പ്രതിനിധികൾ, രാഷ്ട്രീയപ്പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ക്ഷീരസംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ഗോസുരക്ഷാ ക്യാമ്പ്, ഡെയറി എക്സ്പോ, സഹകരണ ശിൽപശാല, ആത്മ കിസാൻ ഗോഷ്ഠി, വ്യക്തിത്വ വികസന ക്ലാസ്, ക്ഷീര കർഷക സെമിനാർ, ഡെയറി ക്വിസ്, കലാസന്ധ്യ, നാട്ടിലെ ശാസ്ത്രം, ക്ഷീരകർഷകരെ ആദരിക്കൽ, സൗജന്യ മെഡിക്കൽ ക്യാമ്പ് എന്നിവയും സംഘടിപ്പിച്ചു.

# വിഷൻ 2031: പൊതുമരാമത്ത് വകുപ്പ് സെമിനാർ ഒക്ടോബർ 18ന്

**കോഴിക്കോട്:** കേരളത്തിന്റെ ഭാവി വികസനത്തിനുള്ള ആശയ രൂപീകരണം ലക്ഷ്യമിട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിഷൻ 2031ന്റെ ഭാഗമായ പൊതുമരാമത്ത്, യുവജന വകുപ്പ് സെമിനാറുകൾ കോഴിക്കോട്ട് നടക്കും. പൊതുമരാമത്ത് വകുപ്പ് സെമിനാർ ഒക്ടോബർ 18ന് കോഴിക്കോട് ബീച്ചിലെ ആസ്പിൻ കോർട്ട് യാർഡിലാണ് നടക്കുക. സംസ്ഥാന രൂപീകരണത്തിന്റെ 75ാം വാർഷികമാണ് 2031. ഇതോടനുബന്ധിച്ച് വിഷൻ 2031 എന്ന പേരിൽ വിവിധ മേഖലകളിൽ എല്ലാ ജില്ലകളിലും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കും.

2031 ആകുമ്പോഴേക്ക് വിവിധ മേഖലകളിൽ കേരളം കൈവരിക്കേണ്ട പുരോഗതിയെ കുറിച്ച് ആശയങ്ങൾ രൂപീകരിക്കുകയും വ്യത്യസ്ത മേഖലകളിലുള്ള വിദഗ്ധരിൽനിന്ന് അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമാണ് സെമിനാറുകളുടെ പ്രധാന ലക്ഷ്യമെന്ന് പൊതുമരാമത്ത് വകുപ്പ് സെമിനാറിന്റെ സ്വാഗതസംഘ രൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത് വനം വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. സർവതല സ്പർശിയായ കർമ്മ പദ്ധതി രൂപീകരിക്കാൻ ജനകീയ പങ്കാളിത്തത്തോടെ സെമിനാറുകൾ നടത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.



സംസ്ഥാനത്താകെ എല്ലാ ജില്ലകളിലുമായി സംഘടിപ്പിക്കുന്ന 33 സെമിനാറുകളിൽ കോഴിക്കോട് ജില്ലയിൽ നടക്കുന്ന രണ്ട് സെമിനാറുകൾ വൻ വിജയമാക്കുമെന്ന് പൊതുമരാമത്ത്ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. കഴിഞ്ഞ ഒമ്പത് വർഷം സംസ്ഥാനത്ത് നടന്ന വികസന പദ്ധതികൾ സെമിനാറിൽ ചർച്ച ചെയ്യും. ദേശീയപാത വികസനം, കോഴിക്കോട് ബൈപാസ് നിർമാണം, സർവീസ് റോഡുകളുടെ പ്രവൃത്തി എന്നിവ ഉൾപ്പെടെ ജില്ലയിലെ പശ്ചാത്തല വികസന മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങളിലെ പ്രശ്നങ്ങൾ പരിഹരിച്ചാണ് നിലവിൽ സർക്കാർ മുന്നോട്ടുപോകുന്നതെന്നും റിയാസ് പറഞ്ഞു.

ഒക്ടോബർ 18ന് നടക്കുന്ന വിഷൻ 2031 പൊതുമരാമത്ത് വകുപ്പ് സെമിനാറിന് മുഖ്യമന്ത്രി പിണറായി വിജയൻ മുഖ്യരക്ഷാധികാരിയും പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്, വനംവന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ, മേയർ ഡോ. ബീന ഫിലിപ്പ്, ജില്ലയിലെ എംപിമാർ, എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ രക്ഷാധികാരികളുമായാണ് സംഘാടക സമിതി രൂപീകരിച്ചത്. മന്ത്രി പി എ മുഹമ്മദ് റിയാസ് ചെയർമാനും തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ വർക്കിങ് ചെയർമാനും പൊതുമരാമത്ത് സെക്രട്ടറി കെ ബിജു ജനറൽ കൺവീനറും ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് കൺവീനറുമാണ്.

# JOBX7 ഹയർ ആന്റ് സീക്ക് ആപ്പിന്റെ പ്രവർത്തനം കൊച്ചിയിലും




JOBX7 ഹയർ ആന്റ് സീക്ക് ആപ്പിന്റെ പ്രവർത്തനം കൊച്ചിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അഡ്വ. മുഹമ്മദ് ഫെനിൽ, ഷംസു പടന്നക്കര എന്നിവർ വിശദീകരിക്കുന്നു. (ഫോട്ടോ- സൊസൈറ്റി ടുഡേ )

**കൊച്ചി :** മണിക്കൂർ അടിസ്ഥാനത്തിൽ വേതനം നിശ്ചയിക്കാനും, ഒപ്പം ജോലിക്കാരെ കണ്ടെത്താനുമായി മലയാളി ടെക്കികൾ JOBX7 ഹയർ ആന്റ് സീക്ക് ആപ്പ് പുറത്തിറക്കി. മലപ്പുറം ആസ്ഥാനമായി പ്രവത്തിക്കുന്ന മലയാളി സംരംഭകരാണ് ആപ്പിന്റെ സ്യഷ്ടാക്കൾ. പ്ലമ്പിങ്, ഇലട്രിക്ക്, ഡ്രൈവർമാർ തുടങ്ങി പാർട്ട് ടൈം ജോലിക്കാർ, പഠനത്തോടൊപ്പം ജോലി നോക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് ഉപകാരപ്പെടുന്നതാണ് ആപ്പെന്ന് നിർമ്മാതാക്കൾ അവകാശപ്പെട്ടു.

ജി.സി.സി.രാജ്യങ്ങൾ, മാൾട്ട, പോളണ്ട്, ഇംഗ്ലണ്ട്, ജപ്പാൻ എന്നീ രാജ്യങ്ങളിൽ ആപ്പിന്റെ സേവനം ലഭ്യമാണെന്നും കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അഡ്വ. മുഹമ്മദ് ഫെനിൽ, ഷംസു പടന്നക്കര എന്നിവർ പറഞ്ഞു. കേരളത്തിൽ കൊച്ചി നഗരത്തിലാണ് കമ്പനിയുടെ സേവനം ലഭ്യമാക്കുക. കൊച്ചി എം.ജി.റോഡിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചുവെന്നും ആപ്പിൾ സ്റ്റോർ, ഗൂഗിൾ പ്ലേ സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും ആപ്പ് ഡൗൺലോഡ് ചെയ്യാമെന്നും ഇവർ പറഞ്ഞു.

# രജതജൂബിലി നിറവിൽ ബിഎസ്എൻഎൽ




ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിന്റെ (ബിഎസ്എൻഎൽ) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന ബൈക്ക് റാലി പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ.കെ ഫ്രാൻസിസ് ജേക്കബ് ഫ്ളാഗ് ഓഫ് ചെയ്യുന്നു

**കൊച്ചി:** ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിന്റെ (ബിഎസ്എൻഎൽ) രജതജൂബിലി ആഘോഷങ്ങൾ കൊച്ചിയിൽ നടന്നു. ബിഎസ്എൻഎലിന്റെ 25ാം പിറന്നാൾ ദിനമായ ഒക്ടോബർ ഒന്നിന് എറണാകുളം ബിസിനസ് ഏരിയയിൽ നടന്ന വിപുലമായ ആഘോഷങ്ങൾക്ക് വിവിധ ഓഫീസുകളിലായി 25 വൃക്ഷത്തൈകൾ നട്ടാണു തുടക്കം കുറിച്ചത്. തുടർന്ന് എറണാകുളം ബിഎസ്എൻഎൽ ഭവൻ അങ്കണത്തിൽ നിന്ന്, ആരംഭിച്ച ബൈക്ക് റാലി പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ.കെ ഫ്രാൻസിസ് ജേക്കബ് ഫ്ളാഗ് ഓഫ് ചെയ്തു. ജീവനക്കാരുടെയും, ബിഎസ്എൻഎൽ പങ്കാളികളുടെയും നേതൃത്വത്തിൽ നടന്ന റാലി മറൈൻ ഡ്രൈവ്, ക്വീൻസ് വാക്ക് വേ എന്നിവ ചുറ്റി ബിഎസ്എൻഎൽ ഭവനിൽ സമാപിച്ചു.

ഡോ. ഫ്രാൻസിസ് ജേക്കബ്, കോർ നെറ്റ് വർക്ക് ട്രാൻസ്മിഷൻ പ്രിൻസിപ്പൽ ജനറൽ മാനേജർ എൻ. കെ സുകുമാരൻ, ജനറൽ മാനേജർ എസ്.കെ രാജീവ് എന്നിവർ സംസാരിച്ചു. 25 വർഷത്തിലധികമായി ബിഎസ്എൻഎൽ വരിക്കാരായവരിൽ നിന്നു നറുക്കെടുപ്പിലൂടെ 25 പേരെ തെരഞ്ഞെടുത്ത് പ്രിൻസിപ്പൽ ജനറൽ മാനേജർ ഉപഹാരങ്ങൾ നൽകി ആദരിച്ചു. ജീവനക്കാരുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. 2000 ഒക്ടോബർ ഒന്നിനാണ് കേന്ദ്ര സർക്കാരിന്റെ ടെലി കമ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന് (ഡിഒടി) കീഴിൽ ബിഎസ്എൻഎൽ എന്ന പേരിലുള്ള കമ്പനി രൂപീകരിക്കപ്പെട്ടത് തദ്ദേശീയമായി വികസിപ്പിച്ച (സ്വദേശി) 4 ജി കഴിഞ്ഞ ദിവസം അവതരിപ്പിച്ചു ബിഎസ്എൻഎൽ രജതജൂബിലിയോടാനുബന്ധിച്ചു മൊബൈൽ പ്രീപെയ്ഡ് കണക്ഷനുകൾക്ക് 225 രൂപയുടെയും ഫൈബർ കണക്ഷനുകൾക്ക് 625 രൂപയുടെയും സിൽവർ ജൂബിലി പ്ലാനുകളും പുതിയതായി അവതരിപ്പിച്ചിട്ടുണ്ട്.



കലൂർ പൊറ്റക്കുഴി ചെറുപുഷ്പ ദേവാലയത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിന് തുടക്കം കുറിച്ചു കൊണ്ട് വരാപ്പുഴ അതിരൂപത വികാർ ജനറൽ മോൺ. മാത്യു കല്ലിങ്കൽ കൊടിയേറ്റുന്നു

# പൊറ്റക്കുഴി ചെറുപുഷ്പദേവാലയത്തിൽ തിരുന്നാളിന് കൊടികയറി

**കൊച്ചി:** കലൂർ പൊറ്റക്കുഴി ചെറുപുഷ്പ ദേവാലയത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായയുടെ 99ാം ദർശനത്തിരുന്നാളിന് കൊടികയറി. വരാപ്പുഴ അതിരൂപത വികാർ ജനറൽ മോൺ. മാത്യു കല്ലിങ്കൽ കൊടിയേറ്റിന് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ദിവ്യബലി, ജൂബിലി ലോഗോയുടെ പ്രകാശനം എന്നിവ നടന്നു. വേസ്പര ദിനമായ നാളെ (ഒക്ടോബർ 04) വൈകുന്നേരം അഞ്ചിന് നടക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് പ്രദക്ഷിണം. ഒക്ടോബർ അഞ്ചിന് രാവിലെ ഒമ്പതിന് തിരുനാൾ ദിവ്യബലിയ്ക്ക് ഫാ. ഹെന്റി പട്ടരുമഠത്തിൽ മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് പ്രദക്ഷിണം, രാത്രി 7.30 ന് ഫ്യൂഷൻ ഷോ എന്നിവയും ഉണ്ടാകും.

# ഐ.എം.എ കൊച്ചി സി.പി.ആർ പരിശീലനം സംഘടിപ്പിച്ചു

**കൊച്ചി:** ലോക ഹൃദയദിനത്തോടനുബന്ധിച്ച് ഐഎംഎ കൊച്ചി സംസ്ഥാന ആരോഗ്യവകുപ്പുമായി സഹകരിച്ച് നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സിപിആർ ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. റെയിൽവേ പോർട്ടർമാർ, പൊതുജനങ്ങൾ, ഓട്ടോറിക്ഷ ഡ്രൈവർമാർ, ചുമട്ട് തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, വീട്ടു ജോലിക്കാർഉൾപ്പെടെയുള്ളവർക്കായിരുന്നു പരിശീലന പരിപാടി സംഘടിപ്പിച്ചത്. ഐ.എം.എ കൊച്ചി മുൻ പ്രസിഡന്റ് ഡോ. എം. എം ഹനീഷ്, ഡോ. ഷെദിൻ ഭരതൻ, ഡോ. ശേഷാ തോമസ്, ഡോ. മുഹമ്മദ് അലിഫ്, ശ്രീസുധീന്ദ്ര ആശുപത്രി മെഡിക്കൽ ടീം എന്നിവ



രുടെ നേതൃത്വത്തിൽ കലൂർ, തേവര, ചമ്പക്കര, എളംകുളം, രവിപുരം, തമ്മനം എന്നിവടങ്ങളിലെ പ്രാഥമാകാരോഗ്യ കേന്ദ്രങ്ങൾ, ഓൾഡ് ഏജ് ഹോം എന്നിവടങ്ങളിലാണ് അടിയന്തര ജീവൻ രക്ഷാ സഹായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചതെന്ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ് എബ്രാഹം, സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ട്രഷറർ ഡോ. ബെൻസീർ ഹുസൈൻ എന്നിവർ പറഞ്ഞു.

# മത്തിയുടെ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾക്ക് കാരണം മൺസൂൺ മഴയും സമുദ്രത്തിലെ മാറ്റങ്ങളും

**കൊച്ചി:** കേരള തീരത്ത് കഴിഞ്ഞ വർഷം മത്തിയുടെ കുഞ്ഞുങ്ങൾ അപ്രതീക്ഷിതമായി വർധിച്ചതിനും തുടർന്നുണ്ടായ പാരിസ്ഥിതികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾക്കും കാരണം മൺസൂൺ മഴയിലെ മാറ്റങ്ങളാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പുതിയ പഠനം. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് കടലിലുണ്ടാകുന്ന മാറ്റങ്ങൾ മത്തിയുടെ ലഭ്യതയിൽ വലിയ ഉയർച്ച താഴ്ചകൾക്ക് കാരണമാകുന്നുണ്ടെന്ന് പഠനം വ്യക്തമാക്കുന്നു. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പ്രധാന ഉപജീവനമാർഗമായ മത്തിയുടെ ലഭ്യതയിൽ സമീപകാലങ്ങളിൽ വലിയ വ്യതിയാനമാണുണ്ടായത്. 2012ൽ സംസ്ഥാനത്ത് നാല് ലക്ഷം ടൺ എന്ന റെക്കോർഡ് അളവിൽ ലഭിച്ച മത്തി 2021ൽ വെറും 3500 ടണ്ണായി കുത്തനെ കുറഞ്ഞു. എന്നാൽ, കഴിഞ്ഞ വർഷം ശരാശരി പത്ത് സെന്റിമീറ്റർ വലിപ്പമുള്ള കുഞ്ഞൻ മത്തി കേരള തീരത്ത് വൻതോതിൽ പ്രത്യക്ഷപ്പെട്ടു. കോഴിക്കോട്, തൃശൂർ ജില്ലകളിൽ ഇവ കൂട്ടത്തോടെ കരക്കടിയുന്ന സാഹചര്യവുമുണ്ടായി.ശാസ്ത്രീയ കാരണങ്ങൾ കൊച്ചി, വിഴിഞ്ഞം, കോഴിക്കോട് എന്നിവിടങ്ങളിൽ ജൈവശാസ്ത്രവും സാമുദ്രകവുമായ ഘടകങ്ങൾ വിശകലനം ചെയ്താണ് സിഎംഎഫ്ആർഐ പഠനം നടത്തിയത്. കഴിഞ്ഞ വർഷം അനുകൂലമായ മൺസൂൺ മഴയും പോഷക സമൃദ്ധമായ അടിത്തട്ടിലെ ജലം മുകളിലേക്ക് വരുന്നതും (അപ് വെല്ലിംഗ്) മത്തി ലാർവകളുടെ പ്രധാന ഭക്ഷണമായ സൂക്ഷ്മപ്ലവകങ്ങൾ പെരുകാൻ കാരണമായി. ഇതോടെ ലാർവകളുടെ അതിജീവനം കൂടുകയും മത്തികുഞ്ഞുങ്ങളുടെ എണ്ണത്തിൽ അഭൂതപൂർവമായ വർധനവുണ്ടാകുകയും ചെയ്തു. എന്നാൽ, മത്തിക്കുഞ്ഞുങ്ങളുടെ എണ്ണം കൂടിയതോടെ അവയുടെ ഭക്ഷ്യലഭ്യതയിൽ ക്രമേണ കുറവുണ്ടായി. ഇത് അവയുടെ വളർച്ച മുരടിക്കുന്നതിനും തൂക്കം കുറയുന്നതിനും കാരണമായി. ഇതോടെ വിപണിയിൽ മത്തിയുടെ വില കുത്തനെ ഇടിയുകയും മത്തിക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തന്നെ നിർത്തിവെക്കുന്ന സാഹചര്യവുമുണ്ടായി.സൂക്ഷ്മപ്ലവകങ്ങളുടെ അളവ് പോലുള്ള ആവാസവ്യവസ്ഥയിലെ ഉത്പാദനക്ഷമതയാണ് മത്തിയുടെ ലഭ്യതയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നതെന്നും പഠനം കണ്ടെത്തി. സമുദ്രത്തിലെ ഉഷ്ണതരംഗങ്ങളും മത്തിയുടെ പ്രജനനത്തെയും വ്യാപനത്തെയും ബാധിച്ചിരിക്കാമെന്നും പഠനം ചൂണ്ടിക്കാട്ടുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം ഇത്തരം ഏറ്റക്കുറച്ചിലുകൾ വർധിക്കാൻ സാധ്യതയുള്ളതിനാൽ, ഓരോ മത്സ്യത്തിനും അനുയോജ്യമായ ഹ്രസ്വകാല മുന്നറിയിപ്പുകൾ (ഫോർകാസ്റ്റ്) വേണമെന്ന് പഠനം നിർദേശിക്കുന്നു. സാഹചര്യങ്ങൾക്കനുസരിച്ച് പ്രാദേശികമായി മത്സ്യബന്ധന നിയന്ത്രണങ്ങളും ഏർപ്പെടുത്തണമെന്നും നിർദേശമുണ്ട്. മുന്നറിയിപ്പുകളും നിയന്ത്രണങ്ങളും മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാൻ അനിവാര്യമാണെന്ന് പഠനത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ യു ഗംഗ പറഞ്ഞു. പഠനം കറന്റ് സയൻസ് ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



ഗാന്ധിജയന്തിയോടനുബന്ധിച്ച് റോട്ടറി കൊച്ചിൻ മിഡ്ടൗണിന്റെ നേതൃത്വത്തിൽ നടന്ന ശുചീകരണ പരിപാടി ടി.ജെ വിനോദ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. ബെൽഫി സെബാസ്റ്റ്യൻ, അഡ്വ. പി. ഗോപകുമാർ, ഡോ. ബൈജു കുണ്ടിൽ, ആർക്കിടെക്റ്റ് പ്രൊഫ. ബി.ആർ അജിത് തുടങ്ങിയവർ സമീപം

# ഗന്ധി ജയന്തി: ശുചീകരണം നടത്തി

**കൊച്ചി:** ഗാന്ധിജയന്തിയോടനുബന്ധിച്ച് റോട്ടറി കൊച്ചിൻ മിഡ്ടൗണിന്റെ നേതൃത്വത്തിൽ ശുചീകരണ പരിപാടി സംഘടിപ്പിച്ചു. ഉദയനഗർ, കമ്മട്ടിപ്പാടം എന്നിവടങ്ങളിലായി നടന്ന ശുചീകരണ പരിപാടി ടി.ജെ വിനോദ് എംഎൽഎ ഉദ്ഘാടനം ചെയ്തു. സെന്റ് ആൽബർടസ് ഹയർസെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ് വോളന്റിയർമാരും ശുചീകരണയജ്ഞത്തിൽ പങ്കെടുത്തു. ആർക്കിടെക്റ്റ് പ്രൊഫ. ബി.ആർ അജിത്, ദേവി അജിത്, റോട്ടറി കൊച്ചി മിഡ് ടൗൺ പ്രസിഡന്റ് അഡ്വ. പി. ഗോപകുമാർ, സെക്രട്ടറി ഡോ. ബൈജു കുണ്ടിൽ, സെന്റ് ആൽബർടസ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ ബെൽഫി സെബാസ്റ്റ്യൻ, റോട്ടേറിയൻ ജോർജ്കുട്ടി, കെ. കെ ജോർജ്ജ് തുടങ്ങിയവർ സംസാരിച്ചു.



കലൂർ പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ നവരാത്രി മഹോത്സവത്തിനോടനുബന്ധിച്ച് ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ നടന്ന എഴുത്തിനിരുത്ത്.



എറണാകുളം ശ്രീഅയ്യപ്പൻകോവിലിൽ നടന്ന വിദ്യാരംഭ ചടങ്ങിൽ മേൽശാന്തി പി.എ സുധി കുരുന്നുകൾക്ക് ആദ്യാക്ഷരം കുറിയ്ക്കുന്നു. സെക്രട്ടറി പി. ഐ രാജീവ്, രഘുനന്ദൻ എന്നിവർ സമീപം.

# സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു

**പിറവം:** പിറവം നഗരസഭ വാർഷിക പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു. നഗരസഭ ചെയർപേഴ്സൺ അഡ്വ. ജൂലി സാബു ഉദ്ഘാടനം നിർവഹിച്ചു. ഭിന്നശേഷിക്കാർക്ക് സാമൂഹിക പങ്കാളിത്തവും സ്വയംപര്യാപ്തതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം ഒരു പദ്ധതി നടപ്പാക്കുന്നത്. നഗരസഭയുടെ നേതൃത്വത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ച 22 പേർക്കാണ് വിവിധ സഹായോപകരണങ്ങൾ വിതരണം ചെയ്തത്.




സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള (സ്വാക്ക്)യുടെ നേതൃത്വത്തിൽ അങ്കമാലി അഡ്ല ക്സ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന പവൻ സ്വാക്ക് 2025 2.0 ഓൾ കേരള എക്സ്പോയുടെ പ്രഖ്യാപനം എക്സ്പോ ചെയർമാൻ സാജു മൂലൻ, സ്വാക്ക് സംസ്ഥാന പ്രസിഡന്റ് ജോർ ഫിൻ പേട്ട, ജനറൽ സെക്രട്ടറി കെ.എ സിയാവുദ്ദീൻ എന്നിവർ എറണാകുളം പ്രസ് ക്ലബ്ബിൽ നിർവ്വഹിക്കുന്നു.

# ജിഎസ്ടി ആനുകൂല്യം നടപ്പിലാക്കാൻ മൾട്ടി നാഷണൽ കമ്പനികൾ തയ്യാറാകുന്നില്ല: സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള

**കൊച്ചി:** ജിഎസ്ടി സ്ലാബ് മാറ്റം ജ നങ്ങൾക്ക് ഗുണകരമാകുകയെന്ന ല ക്ഷ്യത്തോടെയാണ് കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുന്നതെങ്കിലും പ ല വൻകിട കമ്പനികളും ജനങ്ങളെ വഞ്ചിക്കുന്ന നിലപാടുമായിട്ടാണ് രം ഗത്ത് വന്നിരിക്കുന്നതെന്ന് സൂപ്പർ മാർക്കറ്റ് വെൽഫെയർ അസോസി യേഷൻ ഓഫ് കേരള( സ്വാക്ക്) സം സ്ഥാന പ്രസിഡന്റ് ജോർഫിൻ പേ ട്ട, ജനറൽ സെക്രട്ടറി കെ. എ സി യാവുദീൻ, സ്വാക്ക് എക്സ്പോ ചെ യർമാൻ സാജു മൂലൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജിഎസ്ടിയിലെ കുറവ് നടപ്പിലാക്കിക്കൊണ്ടുള്ള ബില്ലല്ല സൂപ്പർമാർ ക്കറ്റുകൾക്ക് കമ്പനികൾ നൽകുന്ന ത്. ഉൽപ്പന്നങ്ങളുടെ വില കമ്പനി കൾ കുറച്ചു തന്നാൽ തങ്ങൾക്ക് അ തേ രീതിയിൽ വിലകുറച്ച് ജനങ്ങൾ ക്ക് നൽകാൻ സാധിക്കും.

കമ്പനികൾ അതിനു തയ്യാറാകാ തെ തങ്ങൾക്ക് ഒന്നും ചെയ്യാൻ കഴി യില്ല. 2017 ൽ 28 ശതമാനത്തിൽ നി ന്നും 18 ശതമാനത്തിലേക്ക് ജിഎസ്ടി കുറച്ചപ്പോഴും ചില മൾട്ടിനാഷണൽ കമ്പനികൾ വില കുറയ്ക്കാൻ തയ്യാ റാകാതെ ജനങ്ങളെ വഞ്ചിയ്ക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഇതിനെ തിരെ അന്ന് തങ്ങൾ ധനകാര്യമന്ത്രി യെയും ജിഎസ്ടി കമ്മീഷണറെയും സമീപിച്ച് പരാതി നൽകുകയും തു ടർന്ന് വൻകിട കമ്പനികൾക്ക് പിഴയി ടുകയും ചെയ്തിരുന്നു.

സമാന രീതിയിലാണ് പുതിയ ജി എസ്ടി നിരക്ക് നിശ്ചയിച്ചപ്പോഴും ക മ്പനികൾ സ്വീകരിക്കുന്നതെന്നും ഇ വർ വ്യക്തമാക്കി. ജിഎസ്ടിയിലെ കു റവ് വരുത്താത്തത് ചോദിക്കുമ്പോൾ ഇതാണ് തങ്ങളുടെ തീരുമാനമാ ണെന്നാണ് കമ്പനി അധികൃതർ അ വർ വ്യക്തമാക്കുന്നത്. ഇതിനെതിരെ സർക്കാർ നടപടി സ്വീകരിക്കണമെ ന്നും അസോസിയേഷൻ ഭാരവാഹി കൾ വ്യക്താക്കി.

# 'പവൻ സ്വാക്ക് 2025 2.0' ഓൾ കേരള എക്സ്പോ ഇന്ന് തുടങ്ങും

**കൊച്ചി:** സൂപ്പർമാർക്കറ്റ് വെൽഫെ യർ അസോസിയേഷൻ ഓഫ് കേ രള( സ്വാക്ക്)യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പവൻ സ്വാക്ക് 2025 2.0 ഓൾ കേരള എക്സ്പോ ഇ ന്ന് (ഒക്ടോബർ 03, വെള്ളി) മുതൽ ഒ ക്ടോബർ അഞ്ചുവരെ അങ്കമാലി അ ഡ്ലക്സ് കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് സംഘാടക സമിതി ഭാ രവാഹികളായ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പേട്ട, ജനറൽ സെക്രട്ടറി കെ. എ സി യാവുദ്ദീൻ, എക്സ്പോ ചെയർമാൻ സാജു മൂലൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇന്ന് (ഒ ക്ടോബർ 03, വെള്ളി) വൈകുന്നേരം നാലിന് നടക്കുന്ന സമ്മേളനത്തിൽ മ ന്ത്രി പി. രാജീവ് എക്സ് പോ ഉദ്ഘാ ടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് സ ജോർഫിൻ പേട്ട അധ്യക്ഷത വ ഹിക്കും. ബെന്നി ബഹനാൻ എം.പി, റോജി എം. ജോൺ എം.എൽ, കേര ള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാ ജു അപ്സര ഉൾപ്പെടെ വ്യാപാര മേ ഖലയിലെ വിവിധ സംഘടന ഭാര വാഹികൾ തുടങ്ങിയവർ സമ്മേള നത്തിൽ പങ്കെടുക്കും. പ്രദേശികമാ യ ഉൽപ്പന്നങ്ങൾ കൂടുതൽ പ്രോൽ സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോ ടെയാണ് രണ്ട് വർഷം കൂടുമ്പോൾ എക്സ്പോ സംഘടിപ്പിക്കുന്നത്. മൂ ന്നു ദിവസമായി നടക്കുന്ന എക്സ് പോയിൽ ഒരു ലക്ഷം സ്കയർ ഫീ റ്റിലായി 250 ലധികം സ്റ്റാളുകൾ, ബി ടുബി മീറ്റുകൾ, ബിസിനസ് കോൺ ക്ലേവ്, പാനൽ ചർച്ചകൾ, ജി.എസ്.ടി സംശയ നിവാരണ ക്ലാസുകൾ ഉൾ പ്പെടെയുള്ളവ ഉണ്ടാകുമെന്നും ഇവർ പറഞ്ഞു. നാലായിരത്തോളം സൂപ്പർ മാർക്കറ്റുകളിൽ നിന്നായി ആറായിര ത്തോളം പ്രതിനിധികൾ സമ്മേളന ത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീ ക്ഷിക്കുന്നത്.

# മൊബൈൽ നമ്പർ പോലെ ഇനി ഗ്യാസ് കണക്ഷനിലും പോർട്ടബിലിറ്റി; സൗകര്യം ഉടൻ

**ന്യൂഡൽഹി:** മൊബൈൽ നമ്പർ മ റ്റൊരു കമ്പനിയുടെ സർവീസിലേ ക്കു മാറ്റാൻ കഴിയുന്നതുപോലെ എൽപിജി കണക്ഷനിലും പോർട്ട ബിലിറ്റി സൗകര്യം വരുന്നു. എൽപി ജി വിതരണക്കാരനെ പാചകഗ്യാസ് ഉപയോക്താവിനുതന്നെ തിരഞ്ഞെടു ക്കാവുന്ന സൗകര്യമാണിത്. പരാതി കൾ പെരുകിയതോടെയാണ് എൽ പിജിയിലും പോർട്ടബിലിറ്റി നടപ്പാ ക്കാൻ പെട്രോളിയം ആൻഡ് നാച റൽ ഗ്യാസ് റഗുലേറ്ററി ബോർഡ് (പി എൻജിആർബി) നീക്കം തുടങ്ങിയത്.

32 കോടി എൽപിജി കണക്ഷനുക ളാണു രാജ്യത്തുള്ളത്. വിതരണം സം ബന്ധിച്ചു പ്രതിവർഷം 17 ലക്ഷം പരാ



തികൾ ലഭിക്കുന്നതായാണ് കമ്പനി കളുടെ കണക്ക്. രേഖപ്പെടുത്താത്ത പരാതികളുടെ എണ്ണം ഇതിന്റെ എത്ര യോ ഇരട്ടിവരുമെന്നാണ് കണ്ടെത്തൽ. ബുക്ക് ചെയ്ത് 24 മണിക്കൂറിനു ള്ളിൽ ഡെലിവറി, അതൃപ്തിയുണ്ടെ ങ്കിൽ 24 മണിക്കൂറിനകം കണക്ഷൻ മാറാനുള്ള സൗകര്യം തുടങ്ങിയവ യാണ് പിഎൻജിആർബി പ്രസിദ്ധീക രിച്ച കരടു നിർദേശങ്ങളിലുള്ളത്. ക മ്പനികൾക്കും ഉപഭോക്താക്കൾക്കും അഭിപ്രായം രേഖപ്പെടുത്താം. ഇവകൂ ടി പരിഗണിച്ചു പരീക്ഷണാടിസ്ഥാ നത്തിൽ എൽപിജി പോർട്ടബിലിറ്റി സൗകര്യം ലഭ്യമാക്കും. അതിനു ശേ ഷമായിരിക്കും രാജ്യവ്യാപകമായി നട പ്പാക്കുക. കമ്പനി മാറാതെ വിതരണ ക്കാരനെ മാറ്റാനുള്ള സൗകര്യം നേര ത്തേ ഏർപ്പെടുത്തിയിരുന്നു

# എക്സലൻസ് പുരസ്കാരങ്ങൾ വിഴിഞ്ഞം തുറമുഖത്തിനും അദാനി എയർപോർട്ടിനും

**തിരുവനന്തപുരം:** പരിസ്ഥിതി സംരക്ഷണത്തിനും മലിനീകര ണ നിയന്ത്രണത്തിനുമായി നടപ്പാക്കുന്ന പദ്ധതികളുടെ മിക വിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്ര ണ ബോർഡ് ഏർപ്പെടുത്തിയ എക്സലൻസ് പുരസ്കാരത്തി നു അദാനി വിഴിഞ്ഞം തുറമുഖത്തെയും വിമാനത്താവളങ്ങ ളിൽ ഒന്നാം സ്ഥാനത്തിനു തിരുവനന്തപുരം രാജ്യാന്തര വിമാ നത്താവളത്തെയും തിരഞ്ഞെടുത്തു.

കൊച്ചിയിൽ നടന്ന ഔറ 2025 കോൺക്ലേവിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരങ്ങൾ സമ്മാനിച്ചു.

# ആക്സിസ് ബാങ്കിൽ സ്വർണ വായ്പ യുപിഐയിലൂടെയും

**കൊച്ചി:** യുപിഐയിലൂടെ സ്വർണത്തിന്മേൽ വായ്പകൾ ല ഭ്യമാക്കുന്ന പുതിയ പദ്ധതിക്ക് ആക്സിസ് ബാങ്ക് തുടക്കമിട്ടു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും സ്വയം തൊ ഴിൽ ചെയ്യുന്നവർക്കും കച്ചവടക്കാർക്കും സ്വർണ ആസ്തിക ളുടെ മൂല്യം പ്രയോജനപ്പെടുത്താൻ വഴിയൊരുക്കുന്നതാണ് ഈ പദ്ധതി. ഫ്രീചാർജുമായുള്ള സഹകരണത്തിലൂടെയാണ് ഇത് നടപ്പാക്കുന്നത്.

# കണ്ണൻ ദേവൻ ഹിൽസ് പ്ലാൻറേഷൻസിന് എട്ട് അവാർഡുകൾ

**കൊച്ചി:** കൊച്ചിയിൽ നടന്ന ഇന്ത്യ ഇൻറർനാഷണൽ ടീ കൺ വൻഷനിൽ കണ്ണൻ ദേവൻ ഹിൽസ് പ്ലാൻറേഷൻസ് എട്ട് അ വാർഡുകൾ കരസ്ഥമാക്കി.

സ്പെഷാലിറ്റി ടീ മത്സരത്തിൽ റിപ്പിൾ സിൽവർ ടിപ്സിനും റിപ്പിൾ ക്ലാസിക് ഗ്രീൻ ടീക്കും രണ്ട് ഗോൾഡ് അവാർഡുകളും ഗോൾഡൻ ലീഫ് ഇന്ത്യ അവാർഡുകളിൽ ആറ് പുരസ്കാര ങ്ങളുമാണു നേടിയത്.

സിടിസി ടീ വിഭാഗത്തിനുള്ള ഗോൾഡൻ ലീഫ് ഇന്ത്യ അ വാർഡ് മന്ത്രി പി. രാജീവിൽനിന്ന് കെഡിഎച്ച്പി കമ്പനി ഡെ പ്യൂട്ടി ജനറൽ മാനേജർ മനീഷ് സിംഗ് ഏറ്റുവാങ്ങി. വ്യവസാ യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീ ഷ്, കെഡിഎച്ച്പി എംഡി കെ. മാത്യു ഏബ്രഹാം എന്നിവർ പങ്കെടുത്തു.

# 50,000 കോടി ഡോളർ ആസ്തിയുള്ള ആദ്യ വ്യക്തിയായി ഇലോൺ മസ്ക്



**ന്യൂയോർക്ക്:** ചരിത്രത്തിൽ 50,000 കോടി യുഎസ് ഡോളർ ആസ് തിയുള്ള ആദ്യത്തെ വ്യക്തിയാ യി ഇലോൺ മസ്ക്. ടെസ്‌ലയു ടെയും സ്പേസ് എക്സിന്റെയും ഈ സിഇഒയുടെ സമ്പത്ത് അരല ക്ഷം കോടി കവിഞ്ഞു. ഫോബ്സി ന്റെ ശതകോടീശ്വരന്മാരുടെ സൂചി ക അനുസരിച്ച് ഇന്നലെ വൈകിട്ട് 4:15 വരെ അദ്ദേഹത്തിന്റെ ആസ്തി 50,010 കോടി ഡോളറാണ്.

നിലവിലെ വേഗതയിൽ മുന്നേറിയാൽ 2033 ആകുമ്പോഴേ ക്കും മസ്കിന് ലോകത്തിലെ ആദ്യത്തെ ട്രില്യണയർ (ലക്ഷം കോടി ഡോളർ ആസ്തി) ആകാൻ കഴിയുമെന്നാണ് കണക്കു കൾ വ്യക്തമാക്കുന്നത്.

ടെസ്‌ലയുടെ ഓഹരികൾ ഏകദേശം 4% ഉയർന്നു. ഇത് മ സ്കിന്റെ സമ്പത്തിലേക്ക് ഏകദേശം 930 കോടി ഡോളറാണ് ഒറ്റ ദിവസം കൊണ്ട് കൂട്ടിചേർത്തത്. പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഗവൺമെന്റ് എഫിഷ്യൻസി ഡിപ്പാർട്ട്മെന്റിനെ നയി ച്ചിരുന്ന റോളിൽ നിന്ന് പിന്മാറുമെന്ന് മസ്ക് പ്രഖ്യാപിച്ചതോ ടെയാണ് തകർന്നു കിടന്നിരുന്ന ഓഹരികൾ വീണ്ടും തേരോ ട്ടം തുടങ്ങി ഏകദേശം ഇരട്ടിയായത്.

ഇലക്ട്രിക് വാഹന കമ്പനി ഓഹരികളുടെ തിരിച്ചുവരവും ഈ വർഷം മറ്റ് ടെക് സ്റ്റാർട്ടപ്പുകളുടെ വർധിച്ച മൂല്യനിർ ണയവും കാരണമാണ് ഏകദേശം 50,000 കോടി ഡോളർ ആ സ്തി നേടുന്ന ആദ്യത്തെ വ്യക്തിയായി ഇലോൺ മസ്ക് മാ റിയത്.

ടെസ്ല ഡയറക്ടർ ബോർഡ് കഴിഞ്ഞ മാസം തങ്ങളുടെ സി ഇഒയ്ക്ക് ഉയർന്ന സാമ്പത്തിക, പ്രവർത്തന ലക്ഷ്യങ്ങൾ നി ശ്ചയിക്കുകയും കമ്പനിയിൽ ഒരു വലിയ ഓഹരി വേണമെന്ന ആവശ്യം അംഗീകരിക്കുകയും ചെയ്തു.


മസ്കിന്റെ എഐ സ്റ്റാർട്ടപ്പ് എക്സ് എഐ, റോക്കറ്റ് കമ്പ നിയായ സ്പേസ്എക്സ് എന്നിവയുടെയും മൂല്യം ഈ വർ ഷം വർധിച്ചു. ജൂലൈ വരെ എക്സ് എഐയ്ക്ക് 7,500 കോടി ഡോളർ മൂല്യമാണ് രേഖപ്പെടുത്തിയത്.

# ഫുഡ് ഓൺ ട്രെയിൻ; പുതിയ ഫീച്ചറുകൾ അവതരിപ്പിച്ച് സ്വിഗ്ഗി

**കൊച്ചി:** സ്വിഗ്ഗി ഫുഡ് ഓൺ ട്രെയിൻ സേവനത്തിനായി നിരവധി പുതിയ ഫീച്ചറുകൾ അവതരിപ്പിച്ച് സ്വിഗ്ഗി.

ഇതിന്റെ ഭാഗമായി കുടുതൽ മെനു ചോയ്സുകൾ അവതരിപ്പിച്ചു. സ്റ്റേഷനുകളിലുട നീളമുള്ള ഐക്കോണിക് ഭക്ഷണശാലകളുടെ ക്യൂറേറ്റഡ് പട്ടികയായ 'സിറ്റി ബെസ്റ്റ്' വിഭവങ്ങളിൽ നിന്ന് അവർക്ക് തിരഞ്ഞെടുക്കാം. ഇതിനുപുറമെ, ട്രെയിനിൽ സുഖകരമായ ഭക്ഷണാനുഭവം ഉറപ്പാക്കുന്ന ഈസി ഈറ്റ്സും സ്വിഗ്ഗി ആരംഭിച്ചു. യാത്രയ്ക്കിടെയുള്ള ഭക്ഷണാനുഭവത്തിനായി പ്രത്യേകം തിരഞ്ഞെടുത്തതാണ് സ്വിഗ്ഗിയുടെ ഈസി ഈറ്റ്സ് സെലക്ഷൻ സലാഡുകൾ പോലുള്ള ഹെൽത്തി നിബിൾസ് മുതൽ ഫ്രൈസ്, നാച്ചോസ് പോലുള്ള ഫൺ മഞ്ചീസ് വരെ ഈ ഭക്ഷണങ്ങൾ വൃത്തിയുള്ളതും സൗകര്യപ്രദവുമായ പാക്കേജിംഗിൽ അഷേർഡ് കട്ട്ലറി കിറ്റിനൊപ്പം വരുന്നു.

# സാറ അലി ഖാൻ സ്ട്രീക്സ് ഷൈൻ ഹെയർ സീറം ബ്രാൻഡ് അംബാസഡർ




**കൊച്ചി:** ഹൈജീനിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ കേശ പരിചരണ ബ്രാൻഡായ സ്ട്രീക്സ് ഷൈൻ ഹെയർ സീറത്തിന്റെ ബ്രാൻഡ് അംബാസഡറായി ബോളിവുഡ് താരം സാറ അലി ഖാനെ നിയമിച്ചു. വാൽനട്ട് ഓയിലും വിറ്റാമിൻ ഇയും അടങ്ങിയ സ്ട്രീക്സ് ഷൈൻ ഹെയർ സീറത്തിന്റെ 'ഫ്രിസ് ഗോൺ, സ്മൂത്ത് ഷൈൻ ഓൺ എന്ന പുതിയ ക്യാംമ്പയിൻ സാറ നയിക്കും. സ്ട്രീക്സ് ഷൈൻ ഹെയർ സീറം ഇപ്പോൾ 45 മില്ലി, 100 മില്ലി, 200 മില്ലി എന്നീ അളവുകളിൽ രാജ്യത്തെ പ്രമുഖ സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്. കൂടാതെ, വ്യത്യസ്ത ഹെയർ കെയർ ആവശ്യങ്ങൾക്കായി ഫ്രിസ് കൺട്രോൾ ഹെയർ സീറം, ഹീറ്റ് പ്രൊട്ടക്റ്റ് സ്പ്രേ, മോയിസ്ചർ ബൂസ്റ്റ് സ്പ്രേ എന്നിവയും ഉൾപ്പെടുന്ന വിപുലമായ ശ്രേണി ഇപ്പോൾ ലഭ്യമാണ്.



## ഹൈലൈഫ് ബിൽഡേഴ്സ് 20ാം വാർഷികവും 23ാം പ്രൊജക്ട് ബ്രോഷർ പ്രകാശനവും

**തൃശൂർ:** ഹൈലൈഫ് ബിൽഡേഴ്സ് 20ാം വാർഷികാഘോഷവും ഹൈ ലൈഫിന്റെ 23ാമത്തെ പ്രൊജക്ട് ആയ ഹൈലൈഫ് ലക്സസിന്റെ ബ്രോഷർ പ്രകാഷനവും തൃശ്ശൂർ ഹയാത്ത് ഹോട്ടലിൽ വെച്ച് നടന്നു. വാർഷികാഘോഷ പരിപാടി ചേമ്പർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് സജീവ് മഞ്ഞില ഉദ്ഘാടനം ചെയ്തു. ബ്രോഷർ പ്രകാശനം ലയൺസ് ക്ലബ് കേരള മൾട്ടിപ്പിൾ സെക്രട്ടറിയും ഇമ്മീഡിയറ്റ് പാസ്റ്റ് ഡിസ്ട്രിക് ഗവർണറുമായ ജയിംസ് വളപ്പില നിർവഹിച്ചു. ഹൈ ലൈഫ് ബിൽഡേഴ്സ് മാനേജിംഗ് ഡയറക്ടർ ചെറിയാൻ ജോൺ, ഡയറക്ടർ അഭിലാൽ സണ്ണി, ക്രെഡായി കേരള ജോയിന്റ് സെക്രട്ടറി കെ.രാജീവ്, ഇപി വർഗീസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ഫോൺപെയും മാസ്റ്റർകാർഡും കൈകോർക്കുന്നു

**കൊച്ചി :** സ്മാർട്ട്ഫോൺ വഴിയുള്ള കോൺടാക്റ്റ്ലെസ് പേയ്മെന്റുകൾ ഉപഭോക്താക്കൾക്കിടയിൽ കൂടുതൽ പ്രചാരം നേടുന്ന സാഹചര്യത്തിൽ, ഇന്ത്യയിലെ മാസ്റ്റർകാർഡ് കാർഡ് ഉടമകൾക്കായി എക്സ്ക്ലൂസീവ് ഫീച്ചർ അവതരിപ്പിക്കാൻ ഫോൺപെയും മാസ്റ്റർകാർഡും കൈകോർക്കുന്നു. ഈ പുതിയ ഫീച്ചർ ഉപയോഗിച്ച്, മാസ്റ്റർകാർഡ് കാർഡ് ഉടമകൾക്ക് തങ്ങളുടെ എൻഎഫ്സി സൗകര്യമുള്ള സ്മാർട്ട്ഫോണുകൾ പേയ്മെന്റ് ടെർമിനലുകളിൽ ഫോൺപെ ആപ്പ് ഉപയോഗിച്ച് ടാപ്പ് ചെയ്ത് ഇൻസ്റ്റോർ പേയ്മെന്റുകൾ നടത്താൻ സാധിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഒബെൻ ഇലക്ട്രിക്കിന്റെ റോർ ഇസി സിഗ്മ ഫ്ളിപ്കാർട്ടിൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് മോട്ടോർസൈക്കിൾ നിർമ്മാതാക്കളായ ഒബെൻ ഇലക്ട്രിക്, പുതുതലമുറ സിറ്റി കമ്മ്യൂട്ടർ വാഹനമായ റോർ ഇസി സിഗ്മ അതോടപ്പം റോർ ഇസി എന്നിവ, ഇന്ത്യയിലെ തദ്ദേശീയ ഇകൊമേഴ്സ് വിപണിയായ ഫ് ളിപ്കാർട്ടിൽ ലഭ്യമാകുമെന്ന് പ്രഖ്യാപിച്ചു. ഡിജിറ്റൽ റീട്ടെയിലിലേക്കുള്ള ഒബെൻ ഇലക്ട്രിക്കിന്റെ വികാസത്തിലെ തന്ത്രപരമായ ചുവടുവയ്പ്പായ ഈ പങ്കാളിത്തത്തിലൂടെ നഗര യാത്രയ്ക്കും ദൈനംദിന മൊബിലിറ്റിക്കും സൗകര്യപ്രദവും സുസ്ഥിരവും ആഗ്രഹിക്കാനുതകുന്നതുമായ ഓപ്ഷനുകൾ തേടുന്ന റൈഡർമാരിലേക്ക് തങ്ങളുടെ പ്രീമിയം കമ്മ്യൂട്ടർ മോട്ടോർ സൈക്കിളുകളെ കൂടുതൽ അടുപ്പിക്കുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു

# സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാൻ: ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചു

**മലപ്പുറം:** സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനു കീഴിൽ മലപ്പുറം മേലങ്ങാടിയിലുള്ള ആയുഷ്മാൻ ആരോഗ്യ മന്ദിർ സബ് ഹെൽത്ത് സെന്ററിൽ സമഗ്ര മെഡിക്കൽ ക്യാമ്പ് നടത്തി. നേരത്തെയുള്ള രോഗനിർണ്ണയം, പ്രതിരോധ പരിചരണം, അവശ്യ മരുന്നുകൾ ലഭ്യമാക്കൽ എന്നിവ ഉറപ്പാക്കിക്കൊണ്ട് സമൂഹതലത്തിൽ സ്ത്രീകളുടെ ആരോഗ്യം ശക്തിപ്പെടുത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. സംരംഭത്തിന്റെ ഭാഗമായി, വിളർച്ച, പ്രമേഹം, രക്താതിമർദ്ദം, ക്ഷയം, ഓറൽ കാൻസർ, സെർവിക്കൽ കാൻസർ, മറ്റ് ജീവിതശൈലി രോഗങ്ങൾ എന്നിവയ്ക്കുള്ള സ്ക്രീനിംഗ് സേവനങ്ങളും നൽകി. ഗർഭിണികൾക്ക് ഫോളിക് ആസിഡ്, ഇരുമ്പ്, കാൽസ്യം ഗുളികകൾ തുടങ്ങിയ അവശ്യ മരുന്നുകൾ നൽകി. കുട്ടികൾക്ക് പതിവായി പ്രതിരോധ കുത്തിവയ്പ്പുകൾ നൽകി, സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾക്ക് പ്രത്യേക സ്ക്രീനിംഗ് സേവനങ്ങൾ ലഭ്യമാക്കി. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിദഗ്ധ മെഡിക്കൽ കൺസൾട്ടേഷനുകളും ജീവിതശൈലിയുമായി ബന്ധപ്പെട്ട അവസ്ഥകളെക്കുറിച്ചുള്ള അവബോധ സെഷനുകളും സംഘടിപ്പിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com